LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം

28-7-2015-ലെ ചോദ്യോത്തരങ്ങൾ

(i) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പച്ചക്കറി വില

1 (*571) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പച്ചക്കറി വിപണിയിൽ ഇടനിലക്കാരുടെ ഇടപെടൽ തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ ;

(ബി) പച്ചക്കറി വില കുതിച്ചുയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അയൽ സംസ്ഥാനങ്ങളിലെ ഉൽപാദന കേന്ദ്രങ്ങളിലെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ സംസ്ഥാനത്തെ പച്ചക്കറി വിപണിയിലെ വില വളരെയധികമാണെന്ന് കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) വരുന്ന ഓണനാളുകളിൽ ഇതേ നില തുടരാതിരിക്കാൻ നടപടി സ്വീകരിക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിലുള്ള ആറു മൊത്തവ്യാപാര വിപണികൾ ഇടനിലക്കാരുടെ ഇടപെടൽ ഒഴിവാക്കിക്കൊണ്ട് കാർഷികോല്പന്നങ്ങൾ വിപണനം ചെയ്യുന്നതിൽ മുഖ്യമായ പങ്ക് വഹിക്കുന്നു. സംസ്ഥാനത്തെ കർഷകർ ഉൽപാദിപ്പിക്കുന്ന കാർഷികോൽപന്നങ്ങളിൽ പ്രധാനമായും പഴം-പച്ചക്കറികളാണ് മൊത്തവ്യാപാര വിപണികളിലൂടെ വിപണനം ചെയ്യുന്നത്. ഇതിനുപുറമേ ഹോർട്ടികോർപ്പും വി.എഫ്.പി.സി.കെ.-യും പച്ചക്കറി വിപണനത്തിൽ ഇടനിലക്കാരുടെ ഇടപെടൽ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്ത് ഉത്സവ സീസണുകളിൽ പച്ചക്കറികളുടെ വിപണിവില ഉയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) വരുന്ന ഓണനാളുകളിൽ പൊതുവിപണികളിൽ പച്ചക്കറികളുടെ വില നിയന്ത്രിക്കുന്നതിനായി വിവിധ ഏജൻസികളുടെ സഹായത്തോടെ ഫെയറുകൾ സംഘടിപ്പിച്ചുകൊണ്ട് ഉപഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ പച്ചക്കറികൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഓൺലൈൻ ദേശീയ കാർഷിക വിപണി

2 (*572) ഡോ. എൻ. ജയരാജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ഓൺലൈൻ ദേശീയ കാർഷിക വിപണി ശൃംഖലയ്ക്കരിക്കാൻ കേന്ദ്ര മന്ത്രിസഭ തീരുമാനിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ചേരുന്നതിന് സംസ്ഥാനങ്ങൾ എന്തെല്ലാം നിബന്ധനകളാണ് പാലിക്കേണ്ടതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിലൂടെ സംസ്ഥാനത്തെ കാർഷിക മേഖലയ്ക്ക് എന്തെല്ലാം നേട്ടങ്ങൾ ഉണ്ടാവുമെന്ന് വ്യക്തമാക്കുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ഉണ്ട്.

(ബി&സി) പ്രസ്തുത പദ്ധതിയിൽ ചേരുന്നതിനായി സംസ്ഥാനങ്ങൾ താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

1. സംസ്ഥാനത്തൊട്ടാകെയുള്ള ഏകീകൃത ലൈസൻസ് സംവിധാനം.
2. ഒരു സ്ഥലത്തു മാത്രം മാർക്കറ്റ് ഫീസ് ഈടാക്കാനുള്ള സംവിധാനം (സിംഗിൾ പോയിന്റ് ലെവി)
3. വില നിർണ്ണയത്തിനുവേണ്ടി ഇലക്ട്രോണിക് ലേല സംവിധാനം (ഇ-പ്ലാറ്റ്ഫോം)

LIBRARY ARCHIVES Kerala Legislative Assembly